(എഫ്) അക്കാഡമിയുടെ പ്രവർത്തനം ഏതുരീതിയിൽ നടത്തണമെന്ന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)-(സി) ഉണ്ട്. ഇതിലേയ്ക്കായി ഒരു കരട് പദ്ധതി (പ്രോജക്ട് പ്രൊപ്പോസൽ) തയ്യാറാക്കിയിട്ടുണ്ട്. അതിൻപ്രകാരം ഫോറസ്റ്റ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

1. വനം വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ പരിശീലനം നൽകി വനം വകുപ്പിന്റെ മാനവശേഷി ശക്തിപ്പെടുത്തുക.

2. വനം വകുപ്പിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥൻമാരെക്കുറിച്ചുള്ള അടിസ്ഥാന സ്ഥിതിവിവരം ശേഖരിക്കുക.

3. വനം വകുപ്പിലെ വിവിധവിഭാഗം ജീവനക്കാർക്ക് ഇൻസർവ്വീസ് ട്രെയിനിംഗ്, ഇൻഡക്ഷൻ ട്രെയിനിംഗ്, മോഡുലാർ ട്രെയിനിംഗ്, മറ്റ് ഹ്രസ്വകാല ട്രെയിനിംഗ് എന്നിവ നൽകുന്നതിന് അനുയോജ്യമായ ഒരു വിദഗ്ദ്ധ സ്ഥാപനം രൂപീകരിക്കുക.

(ഡി) മാനവശേഷി വികസനത്തിലൂടെ വനപരിപാലനവും വനസംരക്ഷണവും കൂടുതൽ ശക്തിപ്പെടുത്താനാണ് ഫോറസ്റ്റ് അക്കാഡമികൊണ്ട് ഉദ്ദേശിക്കുന്നത്.

(ഇ) പ്രതീക്ഷിക്കുന്നുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് സർക്കാർ തലത്തിൽ അന്തിമതീരുമാനം എടുത്തിട്ടില്ല.

22 (*232) കാർഷികാവശ്യത്തിന് നല്കുന്ന ജലത്തിന് വില ഈടാക്കുന്ന നടപടി.

ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രിമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്ക് സൗജന്യമായി ജലം നല്കുന്നത് നിറുത്തിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളത്തിന് കർഷകരിൽ നിന്നും വില ഈടാക്കുവാൻ കേന്ദ്രത്തിൽ നിന്നും നിർദ്ദേശമുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥിതിവിശേഷം നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണൻ) :

(എ-ബി) കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ നിന്ന് ലഭിച്ച നാഷണൽ വാട്ടർ പോളിസി (സ്പെഷ്യൽ ആക്ഷൻ പ്ലാൻ) യിൽ ജലസേചന പദ്ധതികളുടെ നടത്തിപ്പിനും അറ്റകുറ്റപണികൾക്കും വേണ്ടിയുള്ള ചെലവുകൾക്കായു

LIBRARY ARCHIVES Kerala Legislative Assembly

ള്ള തുകയെങ്കിലും വെള്ളക്കരമായി കർഷകരിൽ നിന്നും സമാഹരിക്കണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൃഷിക്കുപയുക്തമാക്കുന്ന ജലത്തിന് ഇപ്പോൾതന്നെ വാട്ടർ സെസ്സ് ഈടാക്കി വരുന്നുണ്ട്. ജലസേചനത്തിന് ഉപയോഗിക്കുന്ന ജലത്തിന്റെ വിനിയോഗവും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു ' ഇറിഗേഷൻ ആന്റ് വാട്ടർ റഗുലേഷൻ ബിൽ' തയ്യാറാക്കി വരികയാണ്.

23 (*233) തെങ്ങ് കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള പദ്ധതി

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീടബാധയോ രോഗമോമൂലം തെങ്ങ് നശിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര നാളികേര കർഷകർക്ക് പ്രയോജനം ലഭിക്കുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി)&(സി) ഈ പദ്ധതിക്ക് ഇതുവരെ അന്തിമരൂപം നല്കിയിട്ടില്ല.

24 (*234) കൃഷി ഫാമുകളുടെ പ്രവർത്തനം

ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) കൃഷിഫാമുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പോരായ്മകൾ പരിഹരിക്കുന്നതിനും ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly